**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 280** — **16-09-2025 - ൽ മറുപടിയ്ക്ക്**

**ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗം മൂലം രോഗാണുക്കൾ മരുന്നിനുമേൽ ആർജിക്കുന്ന പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം മൂലം രോഗാണുക്കൾ മരുന്നിനുമേൽ ആർജ്ജിക്കുന്ന പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ആന്റി ബയോട്ടിക് ഉപയോഗം വിലയിരുത്തി ആശുപത്രികൾക്ക് കളർ കോഡ് നൽകുന്നതിന്റെ വിശദ വിവരം നൽകാമോ ; | (ബി) | പ്രാഥമിക തലത്തിലും, ദ്വിതീയ തലത്തിലും, തൃതീയ തലത്തിലും ഉള്ള ആശുപത്രികൾ ആന്റിബയോട്ടിക് സ്മാർട്ട് ആകാൻ വേണ്ടി നിഷ്കർഷിച്ചിട്ടുള്ള ഘടകങ്ങളിൽ എത്ര ഘടകങ്ങൾ പൂർത്തീകരിച്ചു എന്നറിയാൻ വേണ്ടിയാണ് കളർ കോഡിങ് രൂപീകരിച്ചിട്ടുള്ളത്. ആന്റിബയോട്ടിക് സ്മാർട്ട് ആകാൻ വേണ്ടിയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇളം നീല കളർകോഡിലോട്ട് ആശുപത്രികൾ തരംതിരിക്കപ്പെടും. കളർ കോഡിങ്ങിലൂടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളുടെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ ആകുവാനുള്ള തയ്യാറെടുപ്പുകൾ സമയബന്ധിതമായി വിലയിരുത്താൻ കഴിയും. |
| (സി) | ഇറച്ചി, പാൽ എന്നിവയിൽ ആന്റി ബയോട്ടിക് സാന്നിധ്യം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഇറച്ചി, പാൽ എന്നിവയിൽ ആന്റി ബയോട്ടിക് സാന്നിധ്യം കുറയ്ക്കുന്നതിന് മൃഗസംരക്ഷണ മേഖലയിൽ ജൈവ സുരക്ഷ ഉറപ്പാക്കുകയും, പ്രതിരോധ കുത്തിവെയ്പുകൾ ശക്തമാക്കുകയും ചെയ്യുന്നു. |
| (ഡി) | മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ആന്റിബയോട്ടിക്കുകൾ നൽകുന്നതിനുള്ള നിയന്ത്രണം കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ മരുന്നു വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വില്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (AMRITH- Anti Microbial Resistance Intervention for Total Health)എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ സർവ്വേ പഠനങ്ങളിൽ, ഓപ്പറേഷൻ അമൃതിനെ |

| | | | |
|---|---|---|---|
| | | | തുടർന്ന് സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ വിൽപ്പനയിൽ 300 കോടിയോളം രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ഇ) | സമ്പൂർണ്ണ ആന്റി ബയോട്ടിക് സാക്ഷരതാ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ? | (ഇ) | സമ്പൂർണ്ണ ആന്റി ബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും AMR കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തപ്പെടുന്നുണ്ട്. സമൂഹത്തിലെ എല്ലാ തുറകളിലും ഉള്ള ജനങ്ങൾക്കിടയിൽ ശരിയായ ആന്റിബയോട്ടിക് ഉപയോഗത്തെക്കുറിച്ച് അവബോധം വളർത്തിയെടുക്കുക എന്നതാണ് ഈ പ്രവർത്തനങ്ങളുടെ ഉദ്ദേശം. ജനങ്ങൾക്കിടയിൽ AMR അവബോധം സൃഷ്ടിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് ഒരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം മൂലം രോഗാണുക്കൾ മരുന്നിനുമേൽ ആർജ്ജിക്കുന്ന പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ**

- ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം നിയന്ത്രിക്കുവാനും അതിലൂടെ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസിന്റെ (AMR) തോത് കുറയ്ക്കുവാനുമായി രാജ്യത്ത് ആദ്യമായി ഏകാരോഗ്യത്തിൽ അധിഷ്ഠിതമായ KARSAP(Kerala Antimicrobial Resistance Strategic Action Plan) എന്ന കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി.
- കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല AMR ആക്ഷൻ പ്ലാൻ ആണ് .
- ഏക ലോകം, ഏകാരോഗ്യം (One Health) എന്ന ആശയത്തിൽ അധിഷ്ഠിതമായിട്ടാണ് KARSAP പ്രവർത്തിക്കുന്നത്. ആരോഗ്യം, മൃഗസംരക്ഷണം, കൃഷി, ഭക്ഷണം, പരിസ്ഥിതി, ഫിഷറീസ്, ക്ഷീര വകുപ്പ് എന്നിവ ഒരുമിച്ചാണ് AMR -നെതിരെയുള്ള മാർഗ്ഗരേഖ തയ്യാറാക്കിയത്.
- കേരളത്തിലെ AMR ന്റെ തോത് കണ്ടെത്താനായി KARSNET (Kerala Antimicrobial resistance surveillance Network) സ്ഥാപിച്ചു. ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ഏറ്റവും ബൃഹത്തായ AMR സർവൈലൻസ് നെറ്റ് വർക്ക് ആണ് KARSNET.
- 2022 മുതൽ സംസ്ഥാന ANTIBIOGRAM കേരളം പ്രസിദ്ധീകരിക്കുന്നുണ്ട്. അത് ചെയ്യുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം.
- 2023 –ൽ എറണാകുളം ജില്ലയുടെ ANTIBIOGRAM പുറത്തിറക്കിയതിലൂടെ, ഇന്ത്യയിൽ ആദ്യമായി ഒരു ജില്ലാതല ആന്റിബയോഗ്രാമും അതിനെ അടിസ്ഥാനമാക്കി ആന്റിബയോട്ടിക് പോളിസിയും പ്രസിദ്ധീകരിച്ച ആദ്യ സംസ്ഥാനവും കേരളമാണ്.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ AMR സർവ്വയിലൻസ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- ഇതിലൂടെ ദ്വിതീയ തലത്തിലും, പ്രാഥമിക തലത്തിലും AMR സർവൈലൻസ് നടത്തുന്ന ഏക സംസ്ഥാനവും കേരളമാണ്.
- AMR നെ പറ്റിയുള്ള അവബോധം എല്ലാ തലങ്ങളിലുള്ള ജനങ്ങൾക്കിടയിലേക്കും എത്തിക്കാനായി ആന്റിബയോട്ടിക് സാക്ഷര കേരളം എന്ന പദ്ധതിക്കും തുടക്കം കുറിച്ചു.
- ആന്റിബയോട്ടിക് സാക്ഷരത നേടുവാനായി എല്ലാ ജില്ലകളിലും AMR കമ്മിറ്റികൾ രൂപീകരിച്ചു. മാത്രമല്ല എല്ലാ ആരോഗ്യ ബ്ലോക്ക്കളിലും AMR കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ

പ്രവർത്തനം സുഗമമാക്കാനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) പുറത്തിറക്കിയിട്ടുണ്ട്.

- ജില്ലാ/ബ്ലോക്ക് തല AMR കമ്മിറ്റികൾ തീർത്തും One Health ആശയത്തിൽ ഊന്നിയാണ് പ്രവർത്തിക്കുന്നത്.
- പ്രാഥമിക, ദ്വിതീയ, തൃതീയ തലത്തിലും ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ ആക്കി മാറ്റാനുള്ള മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. ഇത് പ്രകാരം FHC കക്കോടിയെയും, ഒഴലപ്പതിയെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി പ്രഖ്യാപിച്ചു .
- ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ ഷോപ്പുകളിൽ നിന്ന് വിൽക്കാൻ പാടില്ല എന്ന കർശന നിർദേശം AMRITH(Anti Microbial Resistance Intervention For Total Health) എന്ന പ്രോഗ്രാമിന്റെ ഭാഗമായി നൽകി. ഇതിനെ തുടർന്ന് കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായിട്ടുണ്ട്.
- ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി നീല കവറിൽ മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം ROAR(Rage On Antimicrobial Resistance) എന്ന പ്രോഗ്രാമിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.
- 5 ലക്ഷത്തോളം വീടുകളിൽ ആരോഗ്യ പ്രവർത്തകർ നേരിട്ട് എത്തി ആന്റിബയോട്ടിക് സാക്ഷരതയെപ്പറ്റി അവബോധം നൽകി.
- കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ ആന്റിബയോട്ടിക്കുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ nPROUD(New Program for Removal of Unused Drugs) എന്ന പ്രോഗ്രാം നടപ്പിലാക്കി.
- ലോകത്ത് ആദ്യമായി ലോകാരോഗ്യ സംഘടന നിഷ്കർഷിച്ച AWaRe പ്രകാരം കൾച്ചർ റിപ്പോർട്ടിംഗ് ഫോർമാറ്റ് വികസിപ്പിച്ച് നടപ്പിലാക്കിയത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. ഇത് അന്താരാഷ്ട്ര ശാസ്ത്ര ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.
- AMR പ്രതിരോധത്തിൽ പങ്കാളികളായിട്ടുള്ള എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു ഗവേഷണ വർക്ക്ഷോപ്പ് 2024-ൽ എറണാകുളത്ത് വെച്ച് നടത്തുകയുണ്ടായി.
- AMR -മായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും നടക്കുന്ന ഗവേഷണങ്ങൾ ഒരു One health പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുകയും, അതൊരു പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു.
- അടുത്ത അഞ്ചുവർഷത്തേക്കുള്ള AMR ആക്ഷൻ പ്ലാൻ ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ് എന്നീ വകുപ്പുകൾ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

- വെറ്ററിനറി ഫീഡുകളിലും, ഫുഡ് സപ്ലിമെന്റുകളിലും ആന്റിമൈക്രോബിയൽ മരുന്നുകളുടെ അശാസ്ത്രീയമായ ഉപയോഗം തടയുന്നതിനായി ഓപ്പറേഷൻ വെറ്റ്ബയോട്ടിക് (VETBIOTIC) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ സംഭരണ ഉറവിടം വിലയിരുത്തുകയും അതിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്ന 'ഓപ്പറേഷൻ ഡബിൾചെക്ക് ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- ആന്റിബയോട്ടിക് മരുന്നുകളുടെ അമിത ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ആന്റി മൈക്രോബിയൽ പ്രതിരോധം തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി വി.എച്ച്.എസ്.സി നാഷണൽ സർവീസ് സ്കീമുമായി ( എൻ.എസ്.എസ്) ചേർന്ന് സ്പാർക്ക്-സൗഖ്യം സദാ ( SPAARK-Students Program Against Antimicrobial Resistance Kerala)എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- Operation ROAR, VETBIOTIC, DOUBLE CHECK, SPAARK SUKHADAM _ SADA, AMRITH, nPROUD, എന്നീ പ്രോഗ്രാമുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ കീഴിലാണ് നടന്നു വരുന്നത്. ഇതിലൂടെ One Health-ൽ അധിഷ്ഠിതമായ ഒരു സമഗ്രമായ പ്രവർത്തനമാണ് AMR ന് എതിരെ സംസ്ഥാനം ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ